(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നത് പൊന്നുംവില നടപടി ക്രമത്തിലാണോ ; അതോ നെഗോഷ്യബിൾ പർച്ചേസിലൂടെയാണോ എന്ന് വ്യക്തമാക്കാമോ ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കണം എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കുമളി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. 1-1-2014-ന് പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ.

(ബി&സി) നെഗോഷ്യബിൾ പർച്ചേസ്വഴി സ്ഥലം ഏറ്റെടുക്കുന്നതിന് 7-2-2011, 15-7-2011 എന്നീ തീയതികളിൽ കക്ഷിയുമായി ചർച്ച നടത്തിയെങ്കിലും കമ്മിറ്റി ശിപാർശ ചെയ്ത വില അംഗീകരിക്കുവാൻ സ്ഥലമുടമ തയ്യാറാകാത്തതിനെ തുടർന്ന് നെഗോഷ്യബിൾ പർച്ചേസ് പരാജയപ്പെടുകയും 1894-ലെ എൽ.എ ആക്ട് പ്രകാരം നടപടി ആരംഭിക്കാനായി കെ.എസ്.ഇ.ബി.അപേക്ഷ സമർപ്പിക്കുകയും സർവ്വെ &ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 1-1-2014-ന് പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ തുടരാൻ കഴിയുകയുള്ളൂ.

സീറോ ലാന്റ് ലെസ് പദ്ധതി

140(3062) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പേർക്കാണ് ഭൂമി നൽകുന്നതെന്ന് അറിയിക്കാമോ ;

(ബി) ആകെ എത്ര അപേക്ഷകളാണ് പ്രസ്തുത ജില്ലയിൽ ലഭിച്ചിട്ടുള്ളത് ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം നിലവിൽ 14,163 ഗുണഭോക്താക്കൾക്ക് ആലപ്പുഴ ജില്ലയിൽ ഭൂമി നൽകേണ്ടതായിട്ടുണ്ട്. ഒന്നാം ഘട്ടമായി 188 പേർക്ക് ഭൂമി അനുവദിച്ചിട്ടുമുണ്ട്. വിവിധ ഘട്ടങ്ങളായാണ് പദ്ധതിപ്രകാരം പട്ടയം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) 17,142 അപേക്ഷകൾ ജില്ലയിൽ ആദ്യഘട്ടത്തിൽ ലഭിച്ചിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിന് 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അവസരം നൽകിയതിനെത്തുടർന്ന് 1326 അപേക്ഷകളും കൂടി ലഭിച്ചിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് അവലംബിക്കുന്നത് :-

1. അപേക്ഷകർ കേരള സംസ്ഥാനത്ത് ജനിച്ചവരും സ്ഥിരതാമസക്കാരുമായിരിക്കണം.
2. അപേക്ഷകനോ കുടുംബാംഗങ്ങൾക്കോ സംസ്ഥാനത്തിനകത്തോ പുറത്തോ സ്വന്തമായി ഭൂമി ഉണ്ടായിരിക്കരുത്.
3. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം. (എല്ലാ സ്രോതസ്സിൽ നിന്നും)
4. കുടുംബമെന്നത് ഭൂമി പതിവ് ചട്ടങ്ങളിൽ സൂചിപ്പിക്കുന്ന പ്രകാരം ഒരു വ്യക്തിയും അയാളുടെ ഭാര്യ/ഭർത്താവും ആശ്രയിച്ചുകഴിയുന്ന മക്കൾ മാതാപിതാക്കൾ എന്നിവർ ഉൾപ്പെട്ടതായിരിക്കണം.
5. കുടുംബനാഥനോ/കുടുംബനാഥയോ സമർപ്പിച്ചിട്ടുള്ള അപേക്ഷകളായിരിക്കണം.
6. പാരമ്പര്യമായ ഭൂമി ഭാവിയിൽ ലഭിക്കുവാൻ സാധ്യത ഉണ്ടാകാൻ പാടില്ല.
7. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015' പ്രഖ്യാപിച്ച 9-3-2012 എന്ന തീയതിക്കു ശേഷം സ്വന്തം ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളവരാകരുത്.

LIBRARY ARCHIVES Kerala Legislative Assembly